**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5090** | | | **28.10.2016-ൽ മറുപടിയ്ക്ക്** |
|---|---|---|---|
| **പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.പി.കെ.ബഷീർ** | | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നഗര പ്രദേശത്തെ ഭവനരഹിതർക്കായി പ്രധാനമന്ത്രി ആവാസ് യോജന എന്ന പദ്ധതി നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവ വിശദമാക്കുമോ; | (എ) | ഉണ്ട്. നഗരപ്രദേശത്തെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്നു. നഗരപ്രദേശത്തെ EWS (മൂന്നുലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾ), LIG (മൂന്നുലക്ഷത്തിനും ആറ് ലക്ഷത്തിനും ഇടയിൽ വരുന്ന കുടുംബങ്ങൾ) വിഭാഗത്തിൽപ്പെട്ട മുഴുവൻ ഭവനരഹിതർക്കും 2022-ഓടെ വാസയോഗ്യമായ വീട് ലഭ്യമാക്കുകയാണ് പദ്ധതി ലക്ഷ്യം.<br>പദ്ധതി പ്രഖ്യാപിച്ച 2015 ജൂൺ മാസത്തിൽ നഗരപ്രദേശത്ത് കുറഞ്ഞത് മൂന്ന് വർഷമായി താമസിക്കുന്ന EWS, LIG വിഭാഗത്തിൽപ്പെട്ടവരും രാജ്യത്തൊരിടത്തും സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവരുമായ എല്ലാ കുടുംബങ്ങളും പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാണ്. |
| (ബി) | വരുമാന നികുതി നൽകുന്ന സർക്കാർ ഉദ്യോഗസ്ഥരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | EWS (മൂന്നുലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾ, LIG (മൂന്നുലക്ഷത്തിനും ആറ് ലക്ഷത്തിനും ഇടയിൽ വരുന്ന കുടുംബങ്ങൾ) വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. EWS വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർ ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം/വിപുലീകരണം, അഫോർഡബിൾ ഹൗസിംഗ് ത്രൂ പാർട്ണർഷിപ്പ്, ചേരിവികസനം എന്നീ പദ്ധതി ഘടകങ്ങളിൽപ്പെടുന്നതാണ്. LIG വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി ഭവനങ്ങൾ നിർമ്മിക്കുന്നതിന്/വാങ്ങുന്നതിന് പരമാവധി ആറ് ലക്ഷം രൂപയ്ക്ക് 15 വർഷ കാലയളവിലേയ്ക്ക് 6.5% നിരക്കിൽ പലിശയിളവ് നൽകി വായ്പനൽകുന്നതാണ്. |
| (സി) | എങ്കിൽ ആയതിന്റെ ഗുണഭോക്താക്കളായ സർക്കാർ ഉദ്യോഗസ്ഥരെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്; എത്ര രൂപ വരെയാണ് സർക്കാർ ജീവനക്കാർക്ക് വായ്പയായി നൽകുന്നത്; വ്യക്തമാക്കുമോ ? | (സി) | 6 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള, നഗരപ്രദേശത്ത് താമസിക്കുന്ന, സ്വന്തമായി വാസയോഗ്യമായ ഭവനമില്ലാത്ത സർക്കാർ ഉദ്യോഗസ്ഥർ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിന്റെ ഗുണഭോക്താക്കളാണ്. ഭവനങ്ങൾ നിർമ്മിക്കുന്നതിന്/ വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപയ്ക്ക് 15 വർഷ കാലയളവിലേയ്ക്ക് 6.5% നിരക്കിൽ പലിശയിളവ് നൽകി ബാങ്കുകളിൽ നിന്ന് വായ്പ നൽകുന്നതാണ്. ആവശ്യമെങ്കിൽ 6 ലക്ഷം രൂപയ്ക്ക് മുകളിൽ മാർക്കറ്റ് നിരക്കിലുള്ള പലിശ ഈടാക്കി, ആവശ്യമായ തുകയുടെ നിശ്ചിത ശതമാനം (50 മുതൽ 80 ശതമാനം വരെ) വായ്പയായി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ